## പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** 
**ചോദ്യം നമ്പർ: 1113**

**02.05.2017 - ൽ**
**മറുപടിക്ക്**

**സങ്കരയിനം തെങ്ങിൻതൈകളുടെ ഉത്പ്പാദനം**

**ചോദ്യം**
**ശ്രീ.എം. രാജഗോപാലൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്യു വരുന്ന സങ്കരയിനം തെങ്ങിൻതൈകൾക്ക് ആവശ്യക്കാർ ഏറെയുണ്ടായിട്ടും വർഷങ്ങളായി ഉല്പാദനം വർദ്ധിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**ബി)** കർഷകർക്ക് ഇവ സുലഭമായി ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**എ) & ബി)** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പീലിക്കോട് പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നിന്നും 5 വിഭാഗത്തിൽപ്പെട്ട സങ്കരയിനം തെങ്ങിൻ തൈകളാണ് വിതരണം ചെയ്തു വരുന്നത്. ഈ ഫാമിലെ മാതൃ വൃക്ഷങ്ങളുടെ ലഭ്യതയും സാമ്പത്തിക വിഹിതവും ഉപയോഗിച്ച് ഏകദേശം 10,000 തൈകളാണ് ഉത്പ്പാദിപ്പിച്ചുകൊണ്ടിരുന്നത്. കഴിഞ്ഞ 6 വർഷങ്ങളായി ആർ.കെ.വി.വൈ. പദ്ധതി സഹായത്താൽ നാളികേര മിഷന്റെ മേൽ നോട്ടത്തിൽ സങ്കരയിനം തൈകളുടെ ഉത്പ്പാദനം 60,000 തൈകൾ വരെയായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഉത്പ്പാദനം വർദ്ധിക്കുന്നതോടെ ഇവ കർഷകർക്ക് സുലഭമായി ലഭ്യമാകുന്നതാണ്. ഇതിൽ ഇനിയും വർദ്ധനവ് വരുത്തുവാനുള്ള ഊർജ്ജിത നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**